സെന്റ്.ജോസഫ്സ് എച്ച്. എസ് ചെമ്പനോട

# അക്കാദമിക് മാസ്റ്റർപ്ലാൻ

## (കരട് രൂപം)

### ആമുഖം

വിവരസാങ്കേതികവിദ്യയിൽ ഉണ്ടായ അത്ഭുതകരമായ
വളർച്ചയുടെ കാലഘട്ടത്തിലാണ് നാം.
വിദ്യാലയങ്ങൾ ജ്ഞാനനിർമ്മിതിയുടെ കേന്ദ്രങ്ങളാണ്.
സമൂഹനന്മയെ ലക്ഷ്യമാക്കി
ഉത്തമവ്യക്തികളെ രൂപപ്പെടുത്താനുള്ള ദൗത്യത്തിൽ
വിദ്യാലയം പ്രധാന പങ്കുവഹിക്കുന്നുണ്ട്.
വിദ്യാർത്ഥികൾക്ക് സമഗ്രഗുണമേന്മവിദ്യാഭ്യാസം
ഉറപ്പാക്കുന്ന വിധത്തിൽ വിദ്യാലയത്തിന്റെ
അക്കാദമിക ഭൗതീക ചുറ്റുപാടുകളിൽ
ഗുണപ്രദമായ മാറ്റങ്ങൾ അനിവാര്യമാണ്.
അതിനായി വിദ്യാലയങ്ങളിൽ അക്കാദമിക മാസ്റ്റർ പ്ലാൻ
തയ്യാറാക്കുകയും നടപ്പിൽ വരുത്തുകയും ചെയ്യുന്നു.

# മികവുകൾ

കഴിഞ്ഞ അദ്ധ്യയന വർഷത്തിൽസ്കൂളിൽ SSLC പരീക്ഷ
എഴുതിയ 33% കുട്ടികൾക്ക് FULL A+ലഭിച്ചു.
NMMS പരീക്ഷ എഴുതിയ 40 കുട്ടികൾ യോഗ്യത നേടുകയും
3 പേർ സ്കോളർഷിപ്പിന് അർഹരാവുകയും ചെയ്തു.
ഇൻസ്പെയർ അവാർഡ്,YIP സ്കോളർഷിപ്പ്
എന്നിവയ്ക്കും കുട്ടികൾ അർഹരായി.
ഹാൻഡ് ബോളിൽ ജില്ല, സംസ്ഥാന തലങ്ങളിൽ മികവുറ്റ
പ്രകടനം കാഴ്ച്ചവച്ച് ദേശീയ തലത്തിൽ പങ്കാളിത്തംവഹിച്ചു.
നീന്തൽ മത്സരത്തിൽ സംസ്ഥാന പങ്കാളിത്തം ലഭിച്ചു.
കലാമേളയിൽ ജില്ലാ തലം വരെ മത്സരിച്ചു.
പ്രവൃത്തി പരിച്ചയമേളയിൽ ഇലക്ട്രോണിക്സ്
വിഭാഗത്തിൽ സംസ്ഥാന തലത്തിൽ മത്സരിച്ചു.
SPC കേഡറ്റ് സംസ്ഥാന ക്ലാമ്പിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.
ഭാഷാശേഷി വികസനത്തിനായി തയ്യാറാക്കിയ അക്ഷരായനം
പദ്ധതി സാമ്പത്തിക പിന്തുണയുടെ അഭാവം നിമിത്തം
ഫലപ്രദമാക്കാൻ സാധിച്ചില്ല.

# ദർശനം

ഓരോ വിദ്യാർത്ഥിക്കും തുല്യതയും
ഗുണമേന്മയുമുള്ള പഠനനേട്ടങ്ങൾ
ആധുനിക സങ്കേതങ്ങളെ പരമാവധി
പ്രയോജനപ്പെടുത്തി, ആസ്വാദ്യകരമായി
ലഭ്യമാക്കാൻ ഉതകുന്നരീതിയിൽ വിദ്യാലയത്തിൽ
നല്ല പഠനാന്തരീക്ഷവും മികച്ച പഠന രീതികളും
സംജാതമാക്കുന്നു.

# ലക്ഷ്യങ്ങൾ

1. ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും ആസ്വാദ്യകരമാക്കുന്നു.
2. കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തങ്ങൾ സംഘടിപ്പിക്കുന്നു.
3. കല- കായിക- പ്രവർത്തിപരിചയ പഠന പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
4. വിദ്യാലത്തിലെ പഠനപിന്തുണാ സംവിധാനങ്ങളായ ലബോറട്ടറി, ലൈബ്രറി, കമ്പൂട്ടർ ലാബ് എന്നിവ എല്ലാ വിദ്യാർത്ഥികൾക്കും പരമാവധി പ്രയോജനപ്രദമാക്കുന്നു.
5. അധ്യാപകർ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്താൽ നിരന്തരം അറിവ് പുനർനിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.
6. പാർശ്വവത്ക്കരിക്കപ്പെട്ടവരും പ്രത്യേക പരിഗണന അർഹിക്കുന്നവരുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.
7. വിദ്യാർത്ഥികളും വിദ്യാർത്ഥികളും തമ്മിലും
വിദ്യാർത്ഥികളും അധ്യാപകരും തമ്മിലും
അധ്യാപകരും അധ്യാപകരും തമ്മിലും
അധ്യാപകരും സമൂഹവും തമ്മിലും
ഊഷ്മളമായ ബന്ധങ്ങൾ ഉളവാക്കാനുതകുന്ന
പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

# അവസ്ഥാ പഠനം

⭕ എഴുത്തുപരീക്ഷ,
⭕ ചോദ്യാവലി, സർവ്വേ,
⭕ കായികക്ഷമത പരിശോധന,
⭕ ഭാഷാ നൈപുണി പരിശോധന.
എന്നിവയിലൂടെ അക്കാദമികമായ
വിവിധ മേഖലകളിലെ പ്രശ്നങ്ങൾ കണ്ടെത്തി.

# പ്രശ്നങ്ങൾ

## മലയാളം

* ഭാഷാപരമായ പിന്നോക്കാവസ്ഥ *വായന-ലേഖന നൈപുണികൾ പ്രകടിപ്പിക്കുന്നതിനുള്ള ബുദ്ധിമുട്ട്
* സദസ്സിനെ അഭിമുഖീകരിച്ച് സംസാരിക്കാനുള്ള ഭയം

## ഇംഗ്ലീഷ്

* ഒഴുക്കോടെ വായിക്കുന്നതിനും സംസാരിക്കുന്നതിനുള്ള പിന്നോക്കാവസ്ഥ
* ആശയങ്ങൾ തെറ്റുകൂടാതെ എഴുതാൻ സാധിക്കാത്ത അവസ്ഥ

## ഹിന്ദി

* എഴുതാനും വായിക്കാനും ഉള്ള ബുദ്ധിമുട്ട്

## സയൻസ്

* ശാസ്ത്രത്തെയും പരിസ്ഥിതിയെയും സംബന്ധിച്ച അറിവില്ലായ്മയും താല്പര്യക്കുറവും
* വ്യക്തി-പരിസര ശുചിത്വമില്ലായ്മയുമായി ബന്ധപ്പെട്ട രോഗങ്ങളെ കുറിച്ചുള്ള അറിവില്ലായ്മ

## ഗണിതം

* ഗണിത പ്രശ്നങ്ങൾ നിർദ്ദാരണം ചെയ്യുന്നതിലെ- ചതുഷ്ക്രിയകളിലെ- ധാരണക്കുറവ്

## സാമൂഹ്യശാസ്ത്രം

* ഭൂപട വായന, സ്ഥല-സ്ഥാന നിർണയം, സമയനിർണയം ഇവയിൽ ബുദ്ധിമുട്ട് *ചരിത്രാവബോധം, ചരിത്രസംഭവങ്ങൾ, തീയതികൾ ഇവ ഓർത്തുവയ്ക്കാനുള്ള പ്രയാസം.
* ജനാധിപത്യ പ്രക്രിയകളെ കുറിച്ച് അവബോധമില്ലായ്മ

## കല-കായിക-പ്രവൃത്തിപരിചയം

* കായികക്ഷമത നേടിയെടുക്കേണ്ടതിനെ പറ്റിയുള്ള അവബോധക്കുറവ്
* മലയോരമേഖലയായതിനാൽ പരിശീലനത്തിന് കൃത്യസമയത്ത് എത്താനുള്ള യാത്രാസൗകര്യങ്ങളുടെ അപര്യാപ്തത

## ഐ.ടി

* സാങ്കേതിക തകരാറുകൾ.
* ലാപ്ടോപ്പുകളുടെയും പ്രൊജക്ടറുകളുടെയും അപര്യാപ്തത

# ആസൂത്രണം

*മലയാളം*
-വായനക്കൂട്ടം
-എഴുത്തുകൂട്ടം
-അഭിനയിക്കളരി
-പഠനയാത്ര
-അഭിമുഖങ്ങൾ
-പ്രസംഗ പരിശീലനം

*ഇംഗ്ലീഷ്*
-ഡോക്യുമെന്ററി,
-സിനിമ പ്രദർശനം
-റോൾ പ്ലേ
-പപ്പറ്റ് ഷോ
-ഇംഗ്ലീഷ് അസംബ്ലി
-സ്പോക്കൺ ഇംഗ്ലീഷ്

*ഹിന്ദി*
-കളികളിലൂടെ പഠനം
-സിനിമ
-കാർട്ടൂൺ

*സയൻസ്*
-പരിസ്ഥിതി സംരക്ഷണം
-മാലിന്യ സംസ്കരണം
-രോഗങ്ങളെ കുറിച്ചുള്ള ബോധവൽക്കരണം
-ദിനാചരണങ്ങൾ
-എൽഇഡി ബൾബ്, -
-സോപ്പ് നിർമ്മാണം

# ആസൂത്രണം

*ഗണിതം*
-സംഘപഠനം
-ഗണിത ഗ്രാമം
-ഗണിത ലാബ്
-ശില്പശാല

*സാമൂഹ്യശാസ്ത്രം*
-ഭൂപടവായന
-ശില്പശാല
-ഫീൽഡ് ട്രിപ്പ്
-ക്വിസ്
-മോക്ക് പാർലമെൻറ്
-പ്രാദേശിക ചരിത്രരചന
-പത്രവായന

*കല-കായികം*
-ഫുട്ബോൾ
-ഹാൻഡ് ബോൾ
-ബാഡ്മിൻറൺ
-അത്ലറ്റിക്സ്
-എയ്റോബിക്സ്
-മൈനർ ഗെയിംസ്

-വയലിൻ, ഓർഗൻ ക്ലാസുകൾ
-ആൽബം
-ആർട്ട് ഗാലറി നിർമ്മാണം

*ഐ ടി*
-റോബോട്ടിക്സ്
-മൊബൈൽ ആപ്പ് നിർമാണം
-ഇലക്ട്രോണിക്സ്